ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്ക് ഈ വർഷം സെപ്തംബർ 30 വരെ ശരാശരി 57 ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ട്. കാപ്പെക്സിന്റെ കീഴിലുള്ള തൊഴിലാളികൾക്ക് ശരാശരി 45 ദിവസം ജോലി നൽകി.

(ബി) ഇപ്പോൾ സ്റ്റോക്കുള്ള തോട്ടണ്ടിയുടെ കണക്കനുസരിച്ച് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 19 ദിവസവും കാപ്പെക്സിൽ 48 ദിവസവും കൂടി തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. കൂടുതൽ തോട്ടണ്ടി ലഭ്യമാക്കാൻ കോർപ്പറേഷനും കാപ്പെക്സും ശ്രമിക്കുന്നുണ്ട്.

വ്യവസായ സംരംഭങ്ങൾക്ക് വിദേശ മലയാളികൾക്ക് മുൻഗണന നൽകുന്ന പദ്ധതി

291 [363] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങാൻ വിദേശ മലയാളികൾക്ക് മുൻഗണന കൊടുക്കുന്ന പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) വിദേശമലയാളികളെ വ്യവസായം തുടങ്ങാൻ പ്രേരിപ്പിക്കുന്നതിനായി വ്യവസായ വകുപ്പു മന്ത്രിയും മറ്റും ഗൾഫ് നാടുകളിലും മറ്റും പര്യടനങ്ങൾ നടത്തുകയുണ്ടായോ ;

(ഡി) എങ്കിൽ അതിന്റെ ഫലമായി എത്ര വിദേശ മലയാളികൾ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങി ?

ഉത്തരം

(എ & ബി). വിദേശ മലയാളികളിൽ നിന്നു സ്വീകരിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. എല്ലാ രേഖകളോടുംകൂടി ലഭിക്കുന്ന അപേക്ഷകളിൽ 45 ദിവസത്തിനകം കെ. എഫ്. സി. തീരുമാനം എടുക്കുന്നുണ്ട്. കൂടാതെ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക വായ്പാ പദ്ധതിയനുസരിച്ച് വ്യവസായ വകുപ്പിൽ നിന്നു കിട്ടാൻ സാദ്ധ്യതയുള്ള സബ്സിഡികൂടി വായ്പയായി സംരംഭകനു ആദ്യം നൽകുകയും സബ്സിഡി വ്യവസായ വകുപ്പ് നൽകുന്ന മുറയ്ക്ക് അത് വായ്പയിൽ കുറവു ചെയ്യുകയും ചെയ്യുന്നതാണ്.

വിദേശ ഇൻഡ്യാക്കാർക്കുവേണ്ടി ഒരു വ്യവസായ സംരംഭക പരിശീലന പദ്ധതിയും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കുന്നതാണ്.

കേരള സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷനിൽ വിദേശ മലയാളികൾക്കുവേണ്ടി ഒരു പ്രത്യേക സെൽ 1-8-1986 മുതൽ പ്രവർത്തിച്ചുവരുന്നു. വൻകിട ഇടത്തരം വ്യവസായങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സൗജന്യങ്ങളും അവർക്കും ബാധകമാക്കിയിട്ടുണ്ട്.

ഇതുകൂടാതെ വിദേശ മലയാളികൾ വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ അത്തരം അപേക്ഷകർക്ക് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഡവലപ്പ്മെന്റ് ഏരിയകളിലും ഡവലപ്പ്മെന്റ് പ്ലോട്ടുകളിലും സ്ഥലം അനുവദിക്കുന്നതിനു മുൻഗണന നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഈ പ്രത്യേക ഉദ്ദേശ്യാർത്ഥം ഗൾഫ് രാജ്യങ്ങളിൽ വ്യവസായമന്ത്രി പര്യടനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെൻറിന്റെ ഒരു ഉന്നതതല വ്യാപാര പ്രതിനിധിസംഘം തലവനെന്ന നിലയ്ക്ക് ഗൾഫ് രാജ്യങ്ങൾ 1984 ഏപ്രിൽ മാസം സന്ദർശിച്ചപ്പോൾ ഗൾഫ് ഇന്ത്യാക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി. ഇതിനുംപുറമേ 1984 ഒക്ടോബർ നവംബർ മാസങ്ങളിൽ കേരളാ സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷനിലെ രണ്ട് ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു ടീം 5 ഗൾഫ് രാജ്യങ്ങളിലെ 5 കേന്ദ്രങ്ങൾ സന്ദർശിക്കുകയും 13 വ്യവസായ സംരംഭകരുമായി മെമ്മോറാണ്ടം ഓഫ് സബ് സ്റ്റാൻറിംഗിൽ ഒപ്പ് വയ്ക്കുകയും ചെയ്തു. ഇവയിൽ താഴെപ്പറയുന്ന 4 പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്.

യൂണിറ്റിന്റെ പേര്	ഉൽപ്പന്നം
1. സുഷീ റബ്ബർ ഇൻഡസ്ട്രീസ്	റി ക്ലോസ് റബ്ബർ
2. ഭഗവതി ബിവറേജസ്	സോഫ്റ്റ് ഡ്രിങ്ക്സ്
3. എൽസീറ്റാ സബ്സ്ട്രേറ്റ്സ്	സിറാമിക് സബ്സ്ട്രേറ്റ്സ്.
4. ഒസീക്ക ഡ്രഗ്സ് ഇന്ത്യാ ലിമിറ്റഡ്	ബയോക്ക് ഡ്രഗ്സ്

ഇവ കൂടാതെ വിദേശ മലയാളികളുടെ മറ്റ് പത്ത് പ്രോജക്ടുകൾ കൂടി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം

292 [364] ശ്രീ. കെ. മൂസ്സക്കുട്ടി :

,, പി. സീതി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഏക്കർ വനഭൂമിയുണ്ട് ;

(ബി) അതിൽ സ്വകാര്യ വനഭൂമി എത്ര ?

(സി) സംസ്ഥാനത്തിന്റെ വിസ്തീർണ്ണത്തിൽ എത്ര ശതമാനമാണ് ഇപ്പോൾ വനമുള്ളത് ;

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ ക്ലിയർ ഫെല്ലിംഗ് നടത്തി ;

(ഇ) ക്ലിയർ ഫെല്ലിംഗ് നടത്തിയ സ്ഥലത്ത് പുതുതായി മരം വച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആകെ എത്ര ഏക്കർ ;

(ജി) 1990 ആകുമ്പോഴേക്കും എത്ര ഏക്കർ പുതിയ വനം ഉണ്ടാകും ?

ഉത്തരം

(എ) 2322700 ഏക്കർ (9,40,000 ഹെക്ടർ).

(ബി) ഇപ്പോൾ സ്വകാര്യവനമില്ല. എല്ലാ സ്വകാര്യവനങ്ങളും സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) ഇപ്പോൾ ഉള്ള വനവിസ്തൃതി സംസ്ഥാന വിസ്തൃതിയുടെ 24 ശതമാനമാണ്.

(ഡി) തേക്ക് തോട്ടങ്ങൾ വെട്ടി റീപ്ലാൻറ് ചെയ്തതുൾപ്പെടെ 11205 ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly